# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി XI

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

## (FOOD, CIVIL SUPPLIES AND CO-OPERATION)

**2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്.**

**(Under Rule 236 (5) of the Rules of Procedure and Conduct of Business in the Kerala Legislative Assembly)**

2019 ജൂലൈ 2-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XI

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും
## (FOOD, CIVIL SUPPLIES AND CO-OPERATION)

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്.

(Under Rule 236 (5) of the Rules of Procedure and Conduct of Business in the Kerala Legislative Assembly)

670/2019.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | ... | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XI

# (ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും)

# (2019-2021)

**ഘടന**

ചെയർമാൻ :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,
സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം:

ശ്രീ. പി. തിലോത്തമൻ,
ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. അബ്ദുൽ ഹമീദ്. പി.

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ജോർജ് എം. തോമസ്

ശ്രീ. പി. സി. ജോർജ്

ശ്രീ. വി. ജോയി

ശ്രീ. മുഹമ്മദ് മുഹസിൻ പി.

ശ്രീ. മുരളി പെരുനെല്ലി.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. സി. ജോസ്, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. മാത്യുക്കുട്ടി. ജി, ജോയിന്റ് സെക്രട്ടറി

ശ്രീ. വി. ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജാസ്മിൻ . പി. എസ്., അണ്ടർ സെക്രട്ടറി.

## അവതാരിക

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് സബ്ജക്ട് കമ്മിറ്റി XI-ന്റെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 24-6-2019-ന് ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

കടകംപള്ളി സുരേന്ദ്രൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം,
2019 ജൂൺ 24.

# റിപ്പോർട്ട്

## 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും

## ധനാഭ്യർത്ഥന നമ്പർ XXVII—സഹകരണ വകുപ്പ്

### ഖണ്ഡിക നമ്പർ 1

2425-00-001-86—കേരള സഹകരണ ബാങ്ക് രൂപീകരണവും ധനസഹായവും.

കേരള കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ രൂപീകരണം പൂർത്തിയാകുന്ന വേളയിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ റഗുലേറ്ററി നോംസ് പ്രകാരം നിശ്ചയിക്കപ്പെടുന്ന മൂലധനപര്യാപ്തത കൈവരിക്കുന്നതിനും സർക്കാർ ഗ്യാരന്റിയുള്ള ലോണിന്റെ തിരിച്ചടവിനുമായി 962 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സഹകരണ അപ്പക്സ് സ്ഥാപനങ്ങളുടെ ലോണുകൾ സെറ്റിൽ ചെയ്യാൻ ഗവൺമെന്റ് 306.75 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. നിലവിലുള്ള കണക്കുകൾ പ്രകാരം കേരള സംസ്ഥാന സഹകരണ ബാങ്ക് മൂലധന പര്യാപ്തത കൈവരിച്ചിട്ടുണ്ട്. റിസർവ് ബാങ്ക് മാനദണ്ഡങ്ങൾക്കനുസരിച്ച് ആവശ്യമായ തുക അനുവദിക്കുന്നതാണ്. കേരള ബാങ്കിന്റെ രൂപീകരണ മുന്നോടിയായി കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ മൂലധന പര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി റബ്കോ കേരള സംസ്ഥാന സഹകരണ ബാങ്കിന് നൽകാനുണ്ടായിരുന്ന 76.75 കോടി രൂപയും മൊത്തം പലിശയുടെ അഞ്ചിൽ ഒരു ഭാഗം (20%) പലിശ തുകയായ 17.22 കോടി രൂപയും ഉൾപ്പെടെ 93.97 കോടി രൂപയും റബ്കോ ജില്ലാ സഹകരണ ബാങ്കുകൾക്ക് നൽകാനുണ്ടായിരുന്ന 118.95 കോടി രൂപയും മൊത്തം പലിശയുടെ അഞ്ചിൽ ഒരു ഭാഗം (20%) പലിശ തുകയായ 25.43 കോടി രൂപയും ഉൾപ്പെടെ 144.38 കോടി രൂപയും, റബ്ബർമാർക്ക് കേരള സംസ്ഥാന സഹകരണ ബാങ്കിന് നൽകാനുണ്ടായിരുന്ന 25.49 കോടി രൂപയും മൊത്തം പലിശയുടെ അഞ്ചിൽ ഒരു ഭാഗം (20%) പലിശതുകയായ 15.90 കോടി രൂപയും ഉൾപ്പെടെ 41.39 കോടി രൂപയും, മാർക്കറ്റ് ഫെഡ് കേരള സംസ്ഥന സഹകരണ ബാങ്കിന് നൽകാനുണ്ടായിരുന്ന 15.71 കോടി രൂപയും മൊത്തം പലിശയുടെ അഞ്ചിൽ ഒരു ഭാഗം (20%) പലിശ തുകയായ 11.30 കോടി രൂപയും ഉൾപ്പെടെ 27.01 കോടി രൂപയും ചേർന്ന ആകെ 306.75 കോടി രൂപ കേരള സംസ്ഥാന സഹകരണ ബാങ്ക് ഒഴികെയുള്ള ടി സ്ഥാപനങ്ങൾക്കുള്ള സർക്കാർ വായ്പയായി കണക്കാക്കി കേരള സംസ്ഥാന സഹകരണ ബാങ്കിന് 2018-19 സാമ്പത്തിക വർഷം അഡീഷണൽ ഓതറൈസേഷൻ മുഖേന തുക അനുവദിച്ച് നൽകിയിരുന്നതും കെ.എസ്.സി.ബി.യുടെ അക്കൗണ്ടിലേക്ക് മാറിനൽകിയിട്ടുള്ളതുമായ വിവരം ബോധിപ്പിക്കുന്നു.

[സഹകരണ (ബി) വകുപ്പിന്റെ 7-5-2019-ലെ ബി3/152/2018/സഹ.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 2

2425-00-001-90—സഹകരണ പ്രചാരണം

സഹകരണ വകുപ്പിന്റെ പ്രതിമാസ പ്രസിദ്ധീകരണമായ സഹകരണ വീഥി, വകുപ്പിലെ മറ്റ് പ്രസിദ്ധീകരണങ്ങൾ, നിക്ഷേപസമാഹരണ യജ്ഞവുമായി ബന്ധപ്പെട്ട് സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ട്രോഫി തുടങ്ങിയവയ്ക്കായി അനുവദിക്കപ്പെട്ട തുക അപര്യാപ്തമായതിനാൽ 4 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19-ലെ പ്രളയവുമായി ബന്ധപ്പെട്ട് പദ്ധതി വിഹിതത്തിൽ 20% പ്ലാൻകട്ട് വരുത്തുകയും സർക്കാർ സാമ്പത്തിക അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്യുതിനാൽ തുക അനുവദിച്ചിട്ടില്ലാത്തതാണ് എന്ന വിവരം ബോധിപ്പിക്കുന്നു.

[സഹകരണ (ബി) വകുപ്പിന്റെ 7-5-2019-ലെ ബി3/152/2018/സഹ.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 3

2425-00-003-88—സഹകരണ വകുപ്പിലെ പരിശീലനത്തിനുള്ള സഹായം

സഹകരണ വകുപ്പ് ജീവനക്കാർക്ക് സഹകരണ മേഖലയിലെ ആധുനിക മാനേജ്മെന്റ് സാങ്കേതിക വിദ്യകൾ, ഇ-ഗവേണൻസ് തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനും, വകുപ്പിന്റെ കീഴിൽ ആരംഭിച്ച പരിശീലന കേന്ദ്രത്തിന്റെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾക്കും ആവർത്തന ചെലവുകൾക്കും നിലവിൽ വകയിരുത്തിയിട്ടുള്ളതിനേക്കാൾ കൂടുതൽ തുക ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 65 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ഇനത്തിൽ 28.63279 ലക്ഷം രൂപ ചെലവഴിച്ചു. 2018-19-ലെ പ്രളയവുമായി ബന്ധപ്പെട്ട് 20% പ്ലാൻകട്ട് വരുത്തുകയും സർക്കാർ സാമ്പത്തിക അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്യുതിനാൽ കൂടുതൽ തുക അനുവദിച്ചിട്ടില്ല.

[സഹകരണ (ബി) വകുപ്പിന്റെ 7-5-2019-ലെ ബി3/152/2018/സഹ.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 4

2425-00-003-89-04-(1)—സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മുതലായവയ്ക്കുള്ള സഹായം—യാത്രാചെലവുകൾ—യാത്രാ ബത്ത

അംഗീകൃത പരിശീലന സ്ഥാപനങ്ങളിൽ പരിശീലനത്തിന് പങ്കെടുക്കുന്ന സഹകരണ വകുപ്പ് ഉദ്യോഗസ്ഥർക്ക് യാത്രാബത്ത നൽകുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 11 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സഹകരണ വകുപ്പ് ഉദ്യോഗസ്ഥർക്ക് ടി.എ. നൽകുവാനുള്ളത് പരിഗണിച്ച് ആയത് നൽകുന്നതിനായി 13,81,431 രൂപ '2425-003-88' ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് സർക്കാരിന്റെ 23-3-2019-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 215/2019/സഹ. പ്രകാരം അനുവദിച്ചിരുന്നു.

[സഹകരണ (ബി) വകുപ്പിന്റെ 7-5-2019-ലെ ബി3/152/2018/സഹ.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 5

2425-00-003-89-31—സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മുതലായവയ്ക്കുള്ള സഹായം—സഹായ ധനം—ശമ്പളം

ദേശീയ സഹകരണ യൂണിയനുമായി ചേർന്ന് തയ്യാറാക്കിയ ഉടമ്പടി അനുസരിച്ച് സ്ഥാപനത്തിനുള്ള പ്രവർത്തന ചെലവിന്റെ 50% കണ്ണൂർ സഹകരണ മാനേജ്മെന്റ് വഹിക്കുന്നതിനും, തിരുവനന്തപുരം സഹകരണ മാനേജ്മെന്റ് സ്ഥാപനത്തിലെ പരിശീലന പരിപാടികൾ, സെമിനാറുകൾ എന്നിവയുടെ നടത്തിപ്പിനും, കേരള സംസ്ഥാന സഹകരണ യൂണിയനിലെ അംഗങ്ങൾക്കുവേണ്ടിയുള്ള വിദ്യാഭ്യാസ പരിപാടിയുടെ ചെലവിനുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 542 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ സാമ്പത്തിക അച്ചടക്ക നടപടി സ്വീകരിച്ചതിനാൽ കൂടുതൽ തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിഗണിച്ചിട്ടില്ല.

[സഹകരണ (ബി) വകുപ്പിന്റെ 7-5-2019-ലെ ബി3/152/2018/സഹ.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 6

2425-00-004-97—ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കുകളെയും ഒറ്റ ബാങ്കായി ലയിപ്പിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്ന കമ്മിറ്റിക്കുള്ള സഹായം

കേരള സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായുള്ള ടാസ്ക് ഫോഴ്സിന്റെ ചെലവുകൾക്കായി 33 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

റിസർവ് ബാങ്കിൽ നിന്നും തത്വത്തിൽ അംഗീകാരം ലഭിച്ച സാഹചര്യത്തിൽ ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം അവസാനിപ്പിക്കുകയുണ്ടായി. ആയതിനാൽ അധിക തുക ആവശ്യമില്ല.

[സഹകരണ (ബി) വകുപ്പിന്റെ 7-5-2019-ലെ ബി3/152/2018/സഹ.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 7

2425-00-107-72-33—സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുക്കുന്ന വായ്പയുടെ കൃത്യമായ തിരിച്ചടവിന് നൽകുന്ന ഉത്തേജന പലിശ ഇളവ് പദ്ധതി—സബ്സിഡികൾ

2011-12 സാമ്പത്തിക വർഷം മുതൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി നാളിതുവരെ 18 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്ന് സമിതി നിരീക്ഷിച്ചു. തുടർ പദ്ധതി ആയതിനാൽ ഈ ശീർഷകത്തിൽ 55 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്ത് നബാർഡ് വഴി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ പൂർണ്ണമായും പലിശരഹിതമാക്കുന്നതിനുള്ള സർക്കാർ പദ്ധതി പ്രകാരം 26-5-2012-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 315/2012/സഹ. ഉത്തരവനുസരിച്ച് സംസ്ഥാന സർക്കാർ 32 കോടി രൂപ വഹിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഈ ഇനത്തിൽ 18 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. ഉത്തേജന പലിശയിനത്തിൽ 2018-19 വർഷം 4.82 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കുടിശ്ശിക കണക്കാക്കി ഇതിനായി അധികമായി വേണ്ടിവരുന്ന തുക കണ്ടെത്തുന്ന കാര്യം പരിഗണിച്ച് ഭരണാനുമതി പുറപ്പെടുവിച്ച് നടപടി സ്വീകരിക്കുന്നതാണ്.

[സഹകരണ (ബി) വകുപ്പിന്റെ 7-5-2019-ലെ ബി3/152/2018/സഹ.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 8

2425-00-107-80—പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള സഹായം

വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും വായ്പയെടുക്കുന്ന അംഗങ്ങൾ അവരുടെ വായ്പാ ബാധ്യതയിലേക്ക് തിരിച്ചടവുകൾ നടത്തുകയും എന്നാൽ വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെടുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ സർക്കാർ രൂപീകരിച്ചിട്ടുള്ള കേരള റിസ്ക് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പക്കാരന്റെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന തുകയിൽ നിന്നും പരമാവധി ഒന്നര ലക്ഷം രൂപയും അതിന്റെ പലിശയും; കൂടാതെ മാരക രോഗങ്ങൾ പിടിപെട്ടവരുടെ വായ്പകളിൽ 75,000 രൂപ വരെയും എഴുതി തള്ളുന്നതിനായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ലഭിക്കുന്ന പ്രീമിയം തുകയെക്കാൾ വളരെ കൂടുതൽ തുക സഹായമായി അനുവദിക്കേണ്ടി വരുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. റിസ്ക് ഫണ്ട് പദ്ധതിയുൾപ്പെടെയുള്ള ആവശ്യത്തിലേക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

റിസ്ക് ഫണ്ടിന്റെ സർക്കാർ വിഹിതമായി 2018-19 സാമ്പത്തിക വർഷത്തിൽ 6 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ കൂടുതൽ തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിക്കുന്നതാണ്.

[സഹകരണ (ബി) വകുപ്പിന്റെ 7-5-2019-ലെ ബി3/152/2018/സഹ.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 9

2425-00-108-31—വനിതാ സഹകരണ സംഘങ്ങൾക്കും വനിതാഫെഡിനുമുള്ള ധനസഹായം

വനിതാ സഹകരണ സംഘങ്ങൾ, വനിതാ ഫെഡറേഷൻ എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കായുള്ള ധനസഹായ തുക അപര്യാപ്തമായതിനാൽ 7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഫലപ്രദമായതും, നിലനിൽക്കത്തക്കതുമായ പദ്ധതികൾ ലഭിക്കാത്ത സാഹചര്യത്തിൽ ഈ വർഷത്തെ തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. അതിനാൽത്തന്നെ കൂടുതൽ തുക ചെലവഴിക്കേണ്ടിവന്നിട്ടില്ല.

[സഹകരണ (ബി) വകുപ്പിന്റെ 7-5-2019-ലെ ബി3/152/2018/സഹ.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 10

2425-00-108-33—സഹകരണ വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവൽക്കരണം—സബ്സിഡികൾ

സഹകരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവത്കരണത്തിനായി നിലവിൽ നിശ്ചയിച്ച് നൽകിവരുന്ന അനുപാതത്തിൽ സബ്സിഡി ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 4 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക അച്ചടക്ക നടപടിമൂലം റീ-അപ്രോപ്രിയേഷൻ അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

[സഹകരണ (ബി) വകുപ്പിന്റെ 7-5-2019-ലെ ബി3/152/2018/സഹ.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 11

2425-00-108-36—കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിന് പ്രൈമറി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ്സിനുള്ള ധനസഹായം

4425-00-108-30

6425-00-108-09

പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന എല്ലാ വിപണന സംരംഭങ്ങൾക്കും ധനസഹായം അനുവദിക്കുന്നതിനായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ പദ്ധതിയിലേക്കുള്ള സബ്സിഡി, ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം ചെലവഴിച്ചു. സാമ്പത്തിക അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി അധിക തുക അനുവദിച്ചിട്ടില്ല.

[സഹകരണ (ബി) വകുപ്പിന്റെ 7-5-2019-ലെ ബി3/152/2018/സഹ.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 12

2425-00-108-42—പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള സഹായം

4425-00-108-34

പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും സമഗ്ര വികസനത്തിനുമായി എസ്.സി./എസ്.റ്റി. ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ഐ.സി.ഡി.പി. മാതൃകയിൽ ഒരു പ്രോജക്ട് പ്രാവർത്തികമാക്കുന്നതിനായി 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരികയാണ്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, പ്ലാനിംഗ് വകുപ്പ് എന്നിവരുമായി ചർച്ച ചെയ്ത് അന്തിമ തീരുമാനമെടുത്ത ശേഷം തുക അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

[സഹകരണ (ബി) വകുപ്പിന്റെ 7-5-2019-ലെ ബി3/152/2018/സഹ.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 13

2425-00-108-47-31—പ്രൊവിഷണൽ എഡ്യുക്കേഷന് വേണ്ടിയുള്ള സഹകരണ അക്കാഡമികളുള്ള ധനസഹായം—സഹായ ധനം—ശമ്പളം

കേപ്പിന് ധനസഹായം നൽകുന്നതിനായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും ട്രഷറി നിക്ഷേപവുമായി ബന്ധപ്പെടുത്തി 25% ഗ്രാന്റായി കേപ്പിന് സർക്കാർ നൽകേണ്ട തുകയിൽ 18.06 കോടി രൂപ കൂടി 2018-19 വർഷത്തിൽ ബാക്കി നിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 15 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേപ്പിന് 2018-19 സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ ഇനത്തിൽ 423.65 ലക്ഷം രൂപ അനുവദിച്ച നൽകിയിട്ടുണ്ട്.

[സഹകരണ (ബി) വകുപ്പിന്റെ 7-5-2019-ലെ ബി3/152/2018/സഹ.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 14

2425-00-108-47-35—പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാഡമികളുള്ള ധനസഹായം—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

പ്രൊഫഷണൽ വിദ്യാഭ്യാസ സഹകരണ അക്കാഡമിയുടെകീഴിലുള്ള പെരുമൺ കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ പെൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ സ്ഥാപിക്കുന്നതിനും, പത്തനാപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ പുതുതായി പ്രവർത്തനം ആരംഭിച്ച മെക്കാനിക്കൽ എഞ്ചിനീയറിംഗ് വകുപ്പിൽ ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനും, മുട്ടത്തറ എഞ്ചിനീയറിംഗ് കോളേജിൽ മൂന്നാംവർഷ ലാബ് സ്ഥാപിക്കുന്നതിനും ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനും, കേപ്പിന്റെ കീഴിലുള്ള എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും ഇ-ജർണൽ സമർപ്പിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 380 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പദ്ധതിയിനത്തിൽ 10 കോടി രൂപ അനുവദിച്ചിരുന്നു. കൂടാതെ Professional Education Fund-ൽ നിന്ന് CAPE-ന് അധിക തുക അനുവദിച്ചിട്ടുണ്ട്.

[സഹകരണ (ബി) വകുപ്പിന്റെ 7-5-2019-ലെ ബി3/152/2018/സഹ.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 15

2425-00-108-49—ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം

എണ്ണത്തിൽ കൂടുതലുള്ള സ്കൂൾ, കോളേജ് സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും, പ്രാഥമിക സഹകരണ സംഘങ്ങൾ/കൺസ്യൂമർ ഫെഡ് എന്നിവ മുഖേന ആരംഭിക്കുവാൻ നടപടിയെടുത്തിട്ടുള്ള നീതി സ്റ്റോറുകൾ/നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയ്ക്ക് പ്രോത്സാഹന ധനസഹായം അനുവദിക്കുന്നതിനും കൂടുതൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 15.81 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

റൂൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് വന്ന കാലതാമസംമൂലം ബഡ്ജറ്റ് വിഹിതം മൊത്തമായി ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ നീതി സ്റ്റോർ അനുവദിക്കുന്നതിനുള്ള നടപടികളിൽ വന്ന കാലതാമസംമൂലം അധിക തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിഗണിക്കാൻ കഴിഞ്ഞില്ല.

[സഹകരണ (ബി) വകുപ്പിന്റെ 7-5-2019-ലെ ബി3/152/2018/സഹ.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 16

2425-00-108-60—വൻതോതിലുള്ള വാണിജ്യ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായം

4425-00-108-50

6425-00-108-28

വാണിജ്യ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്ന സഹകരണ സംഘങ്ങൾക്ക് സഹായം നൽകുന്നതിനും നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നതും ശക്തിയാർജ്ജിക്കുവാൻ സാധ്യതയുള്ളതുമായ സഹകരണ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനും വേണ്ടി ധനസഹായം നൽകുന്നതിനായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ സബ്സിഡി, ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി ആകെ 2.05 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഹെഡിൽ തുക അനുവദിച്ചിട്ടുണ്ട്. കൂടാതെ ഷെയർ ഹെഡിൽ ഉൾപ്പെടുത്തി 3.699727 കോടി രൂപയും സബ്സിഡി ഹെഡിൽ 2.467022 കോടി രൂപയും ഉൾപ്പെടെ 6.16674 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ സാമ്പത്തിക പരിമിതിമൂലം തുക റിലീസ് ചെയ്യാൻ കഴിഞ്ഞിട്ടില്ല.

[സഹകരണ (ബി) വകുപ്പിന്റെ 7-5-2019-ലെ ബി3/152/2018/സഹ.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 17

2425-00-108-67 —മറ്റ് സഹകരണ സംഘങ്ങൾക്കുള്ള സഹായം

4425-00-108-68

6425-00-108-11

സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ നടത്തുന്ന ഇന്റർനാഷണൽ ബുക്ക് ഫെയറിനും സാഹിത്യ വിജ്ഞാനോത്സവത്തിനും ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ഒരു കോടി രൂപ അനുവദിക്കുന്നതിനും വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ, പലവക സഹകരണ സംഘങ്ങൾ, ആശുപത്രി സഹകരണ സംഘങ്ങളിലെ ബ്ലഡ് ബാങ്ക്/മെഡിക്കൽ ലബോറട്ടറീസ് തുടങ്ങിയവയ്ക്കായി ധനസഹായം അനുവദിക്കുന്നതിനും വകയിരുത്തിയിട്ടുള്ള സഹായ തുക അപര്യാപ്തമായതിനാൽ സബ്സിഡി, ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി 8.8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

8.41 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 3.1 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചു. കൂടുതൽ തുക അനുവദിക്കുന്ന വിഷയം ഈ വർഷം പരിഗണിക്കുന്നതാണ്.

[സഹകരണ (ബി) വകുപ്പിന്റെ 7-5-2019-ലെ ബി3/152/2018/സഹ.വ. നമ്പർ കത്ത്]

<u>ഖണ്ഡിക നമ്പർ 18</u>

2425-00-108-80-33—<u>ഉത്സവ ചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായ ധനം —സബ്സിഡികൾ</u>

വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഉത്സവകാലങ്ങളിൽ സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിൽ നൽകുന്നതിന് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ കൺസ്യൂമർ ഫെഡിന് 150 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സബ്സിഡി ഇനത്തിൽ അനുവദിച്ച തുക ബഡ്ജറ്റ് വിഹിതത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ കൂടുതൽ തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിഗണിക്കേണ്ടതായി വന്നില്ല.

[സഹകരണ (ബി) വകുപ്പിന്റെ 7-5-2019-ലെ ബി3/152/2018/സഹ.വ. നമ്പർ കത്ത്]

<u>ഖണ്ഡിക നമ്പർ 19</u>

4408-02-195-86—<u>പ്രൈമറി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ്സും ഫെഡറേഷനുകൾക്കും ധനസഹായം (എൻ.സി.ഡി.സി.) (100% കേന്ദ്രാവിഷ്കൃത പദ്ധതി)</u>

6408-02-195-65

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സംഭരണശാലകൾ നിർമ്മിക്കുന്നതിനും, പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും, ദുർബ്ബല വിപണന സംഘങ്ങളെ പുനരുദ്ധരിപ്പിക്കുന്നതിനും, നടപ്പ് സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്ന പുതിയ എൻ.സി.ഡി.സി. പദ്ധതികൾ ഏറ്റെടുക്കുന്നതിനും നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 4.9 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സാമ്പത്തിക അച്ചടക്കം പാലിക്കേണ്ടി വന്നതിനാൽ കൂടുതൽ തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല.

[സഹകരണ (ബി) വകുപ്പിന്റെ 7-5-2019-ലെ ബി3/152/2018/സഹ.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 20

4425-00-108-42—പ്രാഥമിക കാർഷിക ക്രഡിറ്റ് സംഘങ്ങൾ പ്രാഥമിക സംഘങ്ങൾ മൊത്തവില സ്റ്റോറുകൾ ഫെഡറേഷനുകൾ തുടങ്ങിയവയ്ക്കുള്ള സഹായം (എൻ. സി. ഡി. സി. പദ്ധതി)

6425-00-108-18

സംസ്കരണ പരിപാടികളിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനും, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനും ധനസഹായം നൽകുന്നതിനും, എൻ.സി.ഡി.സി.-യുടെ പുതിയ പദ്ധതികൾക്ക് സഹായം നൽകുന്നതിനും, കാർഷിക മേഖലയിൽ പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിന് വായ്പ നൽകുന്നതിനും സഹകരണ സംഘങ്ങൾക്കായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി 70 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ഇനത്തിൽ 100 കോടി രൂപ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച സാഹചര്യത്തിൽ കൂടുതൽ തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

[സഹകരണ (ബി) വകുപ്പിന്റെ 7-5-2019-ലെ ബി3/152/2018/സഹ.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 21

4425-00-108-71—പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ സംയോജിത വികസനം

6425-00-108-74

പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിൽ നടപ്പിലാക്കി വരുന്ന സംയോജിത വികസന പരിപാടിക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 10.55 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി വിലയിരുത്തി തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

[സഹകരണ (ബി) വകുപ്പിന്റെ 7-5-2019-ലെ ബി3/152/2018/സഹ.വ. നമ്പർ കത്ത്]

## ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

### ഖണ്ഡിക നമ്പർ 22

3475-00-106-98—അളവുകളും തൂക്കങ്ങളും പരിശോധനയുടെ ഗുണവും കൃത്യതയും വർദ്ധിപ്പിക്കൽ

പുതുതായി രൂപീകരിച്ച 14 താലൂക്കുകളിലും ഇൻസ്പെക്ടർ ഓഫീസ് ആരംഭിക്കുന്നതിന് 2 കോടി രൂപയും, വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥർ ഉപയോഗിക്കുന്ന സ്റ്റീൽ ഇൻസെർട്ട്, സ്റ്റാമ്പിംഗ് പഞ്ച് എന്നിവ വാങ്ങുന്നതിന് 15 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിന് നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിന് പുറമെ 2.15 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച വിഹിതം പൂർണ്ണമായി വിനിയോഗിച്ച് കഴിഞ്ഞ ശേഷം ആവശ്യമായ അധിക തുകയുള്ള ശിപാർശ അധിക ചെലവിന്റെ വിശദാംശങ്ങൾ സഹിതം സമർപ്പിക്കുവാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം ചെയ്യാൻ ലീഗൽ മെട്രോളജി വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

[ഉപഭോക്തൃ കാര്യ വകുപ്പിന്റെ 5-1-2019-ലെ 31/സി.എ 3/18/ഉ.ക.വ. നമ്പർ കത്ത്]

### ഖണ്ഡിക നമ്പർ 23

3475-00-106-99-05-03—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ—ഓഫീസ് ചെലവുകൾ—ടെലഫോൺ ചെലവ്

ഇന്റർനെറ്റ്, ഫാക്സ്, ടെലഫോൺ എന്നിവയ്ക്ക് പുറമെ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും CUG SIM നൽകിയിട്ടുള്ളതിനാൽ എല്ലാ വർഷവും 5.02 ലക്ഷം രൂപ ഒടുക്കേണ്ടതുണ്ട്. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച വിഹിതം പൂർണ്ണമായി വിനിയോഗിച്ച് കഴിഞ്ഞ ശേഷം ആവശ്യമായ അധിക തുകയുള്ള ശിപാർശ അധിക ചെലവിന്റെ വിശദാംശങ്ങൾ സഹിതം സമർപ്പിക്കുവാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം ചെയ്യാൻ ലീഗൽ മെട്രോളജി വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

[ഉപഭോക്തൃ കാര്യ വകുപ്പിന്റെ 5-1-2019-ലെ 31/സി.എ 3/18/ഉ.ക.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 24

3475-00-106-99-06—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം—മെട്രിക് സമ്പ്രദായം നടപ്പാക്കൽ—വാടക, കരം, നികുതി

സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ലീഗൽ മെട്രോളജി വകുപ്പിന്റെ ആഫീസുകളുടെ പ്രതിമാസ വാടകയിനത്തിൽ മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ നിലവിലുള്ള വിഹിതത്തിനുപുറമെ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച വിഹിതം പൂർണ്ണമായി വിനിയോഗിച്ച് കഴിഞ്ഞ ശേഷം ആവശ്യമായ അധിക തുകയ്ക്കുള്ള ശിപാർശ അധിക ചെലവിന്റെ വിശദാംശങ്ങൾ സഹിതം സമർപ്പിക്കുവാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം ചെയ്യാൻ ലീഗൽ മെട്രോളജി വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

[ഉപഭോക്തൃ കാര്യ വകുപ്പിന്റെ 5-1-2019-ലെ 31/സി.എ 3/18/ഉ.ക.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 25

3475-00-106-99-26—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം—മെട്രിക് സമ്പ്രദായം നടപ്പാക്കൽ—ഔദ്യോഗിക ഭാഷ പ്രയോഗം

ലീഗൽ മെട്രോളജി വകുപ്പിൽ ഔദ്യോഗിക ഭാഷ നടപ്പിലാക്കുന്നതിന് ഒരു ജില്ലയ്ക്ക് 1000 രൂപ വീതം ചെലവ് പ്രതീക്ഷിക്കുന്നു. ആയതിന് നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിന് പുറമെ 13,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച വിഹിതം പൂർണ്ണമായി വിനിയോഗിച്ച് കഴിഞ്ഞ ശേഷം ആവശ്യമായ അധിക തുകയ്ക്കുള്ള ശിപാർശ അധിക ചെലവിന്റെ വിശദാംശങ്ങൾ സഹിതം സമർപ്പിക്കുവാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം ചെയ്യാൻ ലീഗൽ മെട്രോളജി വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

[ഉപഭോക്തൃ കാര്യ വകുപ്പിന്റെ 5-1-2019-ലെ 31/സി.എ 3/18/ഉ.ക.വ. നമ്പർ കത്ത്]

## ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം

### ഖണ്ഡിക നമ്പർ 26

2408-01-004-99—കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്

കേരളത്തിന്റെ തനത് ഭക്ഷ്യ ഇനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അന്താരാഷ്ട്ര വിപണിയിൽ മത്സരിക്കാൻ തക്ക ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ പത്തനംതിട്ട ജില്ലയിലെ കോന്നി ആസ്ഥാനമാക്കി 2005-ൽ രൂപീകരിച്ച ഭക്ഷ്യഗവേഷണ വികസന കൗൺസിലിന്റെ സേവനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കോന്നിയിലെ ഇന്റിജീനിയസ് ഫുഡ് ടെക്നോളജി സ്കൂൾ, മിനി ഇൻക്യുബേഷൻ കേന്ദ്രം, ഡ്രഗ് ടെസ്റ്റിങ് ലാബ്, കമ്മിറ്റി റൂം തയ്യാറാക്കൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം, റീജിയണൽ ഫുഡ് ക്വാളിറ്റി മെയിന്റനൻസ് ലാബ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾ എന്നിവയ്ക്കായി 3.85 കോടി രൂപ അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2005-ൽ രൂപീകരിച്ച ഭക്ഷ്യ ഗവേഷണ വികസന കൗൺസിലിന്റെ സേവനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കോന്നിയിലെ ഇന്റിജീനിയസ് ഫുഡ് ടെക്നോളജി സ്കൂൾ, മിനി ഇൻക്യുബേഷൻ കേന്ദ്രം, ഡ്രഗ് ടെസ്റ്റിങ് ലാബ്, കമ്മിറ്റി റൂം തയ്യാറാക്കൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം, റീജിയണൽ ഫുഡ് ക്വാളിറ്റി മെയിന്റനൻസ് ലാബ് എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾ എന്നിവയ്ക്കായി 3.85 കോടി രൂപ സമിതി ശിപാർശ ചെയ്തുവെങ്കിലും ഇതുവരെ അനുവദിച്ച് നൽകിയിട്ടില്ല.

[ഭക്ഷ്യപൊതുവിതരണ (സി) വകുപ്പിന്റെ 17-9-18-ലെ 2425220/സി2/18/ഭ.സി.സ.വ. നമ്പർ കത്ത്]

### ഖണ്ഡിക നമ്പർ 27

2408-01-101-94-33—റേഷൻ സബ്സിഡി

റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നതിനും, സപ്ലൈകോയ്ക്ക് ഗതാഗതയിനത്തിനും മറ്റ് ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 155 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 367.80 കോടി രൂപ അധികമായി അനുവദിക്കണമെന്ന് 2018-19 സാമ്പത്തിക വർഷത്തെ ഒന്നാംഘട്ട ഉപധനാഭ്യർത്ഥന മുഖാന്തരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

[ഭക്ഷ്യപൊതുവിതരണ (ഡി) വകുപ്പിന്റെ 13-7-2018-ലെ ഡി1/68/2018/ഭ.പൊ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 28

2408-01-101-96-33—കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും വഴി നെല്ല് സംഭരിക്കൽ—സബ്സിഡികൾ

സപ്ലൈകോ നിർവ്വഹണ ഏജൻസിയായി പ്രവർത്തിച്ചുകൊണ്ട് കേരളത്തിലെ നെൽ കർഷകർ ഉത്പാദിപ്പിക്കുന്ന നെല്ല് നിശ്ചിത ഗുണമേന്മ മാനദണ്ഡങ്ങൾക്കനുസൃതമായി കർഷകരിൽ നിന്ന് ഏറ്റെടുത്ത്, സംസ്ഥാനത്തെ ആധുനിക അരി മില്ലുകളിൽ സംസ്കരിച്ച്, പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നതിന് വിഭാവനം ചെയ്യുന്ന ഈ പദ്ധതിയിൽ നെല്ല് സംഭരണത്തിനായുള്ള അടിസ്ഥാന താങ്ങുവില കേന്ദ്രം നൽകുമ്പോൾ പ്രോത്സാഹന ബോണസാണ് ബഡ്ജറ്റ് വിഹിതമായി സപ്ലൈകോയ്ക്ക് നൽകിവരുന്നത്. കൂടുതൽ അളവിൽ നെല്ല് സംഭരിക്കുന്നതിനായി 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷം 6 ലക്ഷം മെട്രിക് ടൺ നെല്ല് വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതി പ്രകാരം സംഭരിക്കുവാൻ ഉദ്ദേശിക്കുന്നു. , നിലവിൽ കിലോ ഗ്രാമിന് 7.80 രൂപയാണ് സംസ്ഥാന വിഹിതമായി കർഷകർക്ക് നൽകുന്നത്. 2017-18 സാമ്പത്തിക വർഷം നെല്ല് സംഭരിച്ച വകയിൽ 59.44 കോടി രൂപ ഈ സാമ്പത്തിക വർഷമാണ് അനുവദിച്ചത്. സംസ്ഥാന പ്രോത്സാഹന ബോണസ് ഇനത്തിൽ ഉണ്ടായേക്കാവുന്ന വർദ്ധനവുകളുടെ അടിസ്ഥാനത്തിൽ 2018-19 സാമ്പത്തിക വർഷം 550 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 525 കോടി രൂപയ്ക്കു പുറമെ 25 കോടി രൂപ കൂടി അധികമായി ആവശ്യമുണ്ടെങ്കിലും ആയത് അനുവദിച്ചിട്ടില്ല.

[ഭക്ഷ്യപൊതുവിതരണ (സി) വകുപ്പിന്റെ 17-9-2018-ലെ 2425220/സി2/18/ഭ.സി.സ.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 29

2408-01-102-96—വിശപ്പ് രഹിത കേരളം

നിർദ്ധനരായിട്ടുള്ളവർക്ക് ദിനം പ്രതി ഒരു നേരം സൗജന്യ ഭക്ഷണം ലഭ്യമാക്കുക എന്ന വിശപ്പ് രഹിത കേരളം പദ്ധതി 2017-18 സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയിൽ വിജയകരമായി പ്രാവർത്തികമാക്കിയെന്ന് സമിതി മനസ്സിലാക്കി. 2018-2019 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ ഖണ്ഡിക 30-ൽ പ്രസ്തുത പദ്ധതിക്കായി 20 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും 14 കോടി രൂപ മാത്രമാണ്

ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ളതെന്ന് അഭിപ്രായപ്പെട്ട സമിതി, 2018-19 സാമ്പത്തിക വർഷം മുതൽ വിശപ്പ് രഹിത കേരളം പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളതിനാൽ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ശീർഷകത്തിൽ 7 കോടി രൂപ അധികമായി അനുവദിക്കണമെന്ന ശിപാർശ 2018-19 സാമ്പത്തിക വർഷത്തെ ഒന്നാംവട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും 6 കോടി രൂപ മാത്രമാണ് അനുവദിച്ച് കിട്ടിയത്.

[ഭക്ഷ്യപൊതുവിതരണ (ഡി) വകുപ്പിന്റെ 13-7-2018-ലെ ഡി1/68/2018/ഭ.പൊ.വി.വ. നമ്പർ കത്ത്]

## ഖണ്ഡിക നമ്പർ 30

2408-01-102-99-33—കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ് - സബ്സിഡികൾ

പൊതു വിപണിയിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി 13 ഇനം അവശ്യസാധനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു. അവശ്യസാധനങ്ങൾക്ക് പുറമെ മരുന്നുകൾ ഉൾപ്പെടെയുള്ള മറ്റ് ഉപഭോക്തൃ താല്പര്യ ഉല്പന്നങ്ങളും ഡിസ്കൗണ്ട് നിരക്കിൽ വിതരണം ചെയ്യുന്നു. കമ്പോള വില നിയന്ത്രിക്കുന്നതിൽ വലിയ പങ്ക് നിർവ്വഹിക്കുന്ന സപ്ലൈകോയുടെ ഇത്തരം വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിനായി ഈ സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി 150 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അഞ്ച് വർഷത്തേക്ക് സപ്ലൈകോയുടെ വില്പനശാലകളിൽ നിർണ്ണയിക്കപ്പെട്ട ഇനങ്ങൾക്ക് നിലവിലുള്ള വിലകളിൽ വർദ്ധന വരുത്തുന്നതല്ലെന്ന് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ സാമ്പത്തിക വർഷം വിപണിയിടപെടൽ പദ്ധതിക്കായി സപ്ലൈകോയ്ക്ക് ആകെ 535 കോടി രൂപ ആവശ്യമായി വരും. പൊതു കമ്പോളത്തിൽ ഫലപ്രദമായി ഇടപെടുന്നതിനുള്ള ധനസഹായമായി സിവിൽ സപ്ലൈസ് കോർപ്പറേഷന് നിലവിലെ ബഡ്ജറ്റ് വിഹിതത്തിനുപുറമെ 385 കോടി രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2018-19 സാമ്പത്തിക വർഷം വിപണിയിടപെടൽ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റ് വിഹിതമായി സപ്ലൈകോയ്ക്ക് വകയിരുത്തിയിട്ടുള്ളത് 150 കോടി രൂപയാണ്. വിപണിയിടപെടലിന്റെ ഭാഗമായി നിലവിൽ 14 ഇനം അവശ്യസാധനങ്ങളാണ് സബ്സിഡി നിരക്കിൽ സപ്ലൈകോ വില്പന നടത്തുന്നത്. സബ്സിഡി സാധനങ്ങളുടെ വാങ്ങൽ നിരക്കുകളിൽ ഓരോ വർഷവും ഗണ്യമായ തോതിൽ വർദ്ധനവ് ഉണ്ടാകുന്നുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്താണ് 2018-19 സാമ്പത്തിക വർഷം ഫലപ്രദമായ വിപണിയിടപെടൽ പ്രവർത്തനങ്ങൾക്ക് 535 കോടി രൂപ വേണ്ടിവരുമെന്ന് സപ്ലൈകോ പ്രതീക്ഷിക്കുന്നത്. 2017-18 സാമ്പത്തിക വർഷം സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങൾ വില്പന നടത്തിയതിലൂടെ സപ്ലൈകോയ്ക്ക് നേരിട്ട ആകെ നഷ്ടം 446.96 കോടി രൂപയാണ്. പ്രസ്തുത വർഷം സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റ് 200 കോടി രൂപ മാത്രമാണ്. വിപണിയിടപെടൽ പ്രവർത്തനങ്ങൾക്ക് 2009-10 മുതൽ 2014-15 വരെയുള്ള ഓഡിറ്റ് ചെയ്ത കണക്ക് പ്രകാരം 322.08 കോടി രൂപയും 2015-16 മുതൽ 2017-18 വരെയുള്ള ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്ക് പ്രകാരം 597.33 കോടി രൂപയും ചേർത്ത് ആകെ 919.41 കോടി രൂപ കുടിശ്ശികയുണ്ട്. വിപണിയിടപെടൽ ഇനത്തിൽ സർക്കാരിൽ നിന്നും ലഭിക്കേണ്ട മേൽപ്പറഞ്ഞ കുടിശ്ശിക, നിലവിലെ വാങ്ങൽ വിലയിൽ ഉള്ള വർദ്ധനവിന്റെ തോത്, സബ്സിഡി വില്പനവിലകളിൽ വർദ്ധനവ് അനുവദനീയമല്ലാത്ത സാഹചര്യം എന്നിവ കണക്കിലെടുത്ത് 2018-19 സാമ്പത്തിക വർഷം വിപണിയിടപെടൽ പ്രവർത്തനങ്ങൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 385 കോടി രൂപ കൂടി അധികമായി ആവശ്യമുണ്ടെങ്കിലും അനുവദിച്ച് നൽകിയിട്ടില്ല.

[ഭക്ഷ്യപൊതുവിതരണ (സി) വകുപ്പിന്റെ 17-9-2018-ലെ 2425220/സി2/18/ഭ.സി.സ.വ. നമ്പർ കത്ത്]

<u>ഖണ്ഡിക നമ്പർ 31</u>

2408-01-190-92—<u>സപ്ലൈകോയുടെ വില്പന കേന്ദ്രങ്ങൾ നവീകരിക്കൽ</u>

വിവിധ വിഭാഗങ്ങളായി പ്രവർത്തിക്കുന്ന സപ്ലൈകോയുടെ കീഴിലുള്ള 1100 ചില്ലറ വില്പനശാലകളിൽ നിന്നും ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ടതും വേഗത്തിലുള്ളതുമായ സേവനം നൽകുന്നതിന്റെ ഭാഗമായി നൂറ് വില്പന ശാലകൾ നവീകരിക്കേണ്ടത് ആവശ്യമായതിനാൽ 2 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി വിവിധ ഫർണിഷിംഗ് ജോലികൾ (ഫർണിച്ചർ, പെയിന്റിംഗ്, നെയിം ബോർഡ്, ലൈറ്റുകൾ, റാക്കുകൾ, ട്രോളികൾ, ബാസ്കറ്റ് തുടങ്ങിയവ), സി.സി.ടി.വി., ജനറേറ്റർ, കമ്പ്യൂട്ടർ, സെർവർ, യു.പി.എസ്., വെയിംഗ് ബാലൻസ്, കാഷ് ചെസ്റ്റ്, ബാർ കോഡ് മെഷീൻ തുടങ്ങിയവ സ്ഥാപിക്കുന്നതിന് 2018-19 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി 8 കോടി രൂപ സംസ്ഥാനത്തെ 100 സപ്ലൈകോ വില്പനശാലകളുടെ നവീകരണത്തിനായി സപ്ലൈകോയ്ക്ക് അനുവദിച്ചിരുന്നു. അധികമായി ശിപാർശ ചെയ്ത 2 കോടി രൂപ അനുവദിച്ച് നൽകിയിട്ടില്ല.

[ഭക്ഷ്യപൊതുവിതരണ (സി) വകുപ്പിന്റെ 17-9-2018-ലെ 2425220/സി2/18/ഭ.സി.സ.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 32

2408-01-800-98—ഉപഭോക്തൃ ദിനാഘോഷം

ദേശീയ ഉപഭോക്തൃ ദിനാഘോഷത്തോടനുബന്ധിച്ച്, ഓരോ വർഷവും ഉപഭോക്തൃ അവകാശ സംരക്ഷണ രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംഘടനകൾക്ക് രാജീവ്ഗാന്ധി ഉപഭോക്തൃ സംരക്ഷണ അവാർഡും, ദിനാഘോഷത്തോടനുബന്ധിച്ച് സെമിനാറുകൾ, ചർച്ചകൾ, മുഖാമുഖം, ശിൽപ്പശാലകൾ എന്നിങ്ങനെയുള്ള ഉപഭോക്തൃ ബോധവൽക്കരണ പരിപാടികളും, സ്കൂൾ വിദ്യാർത്ഥികൾക്ക് വിവിധ മത്സരപരിപാടികൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള 3 ലക്ഷം രൂപയ്ക്ക് പുറമെ 2 ലക്ഷം കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന ശിപാർശ ഒന്നാം വട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും തുക അനുവദിച്ച് കിട്ടിയില്ല.

[ഉപഭോക്തൃ കാര്യ വകുപ്പിന്റെ 17-12-2018-ലെ സി.എ.2/118/2018/ഉ.ക.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 33

3456-00-001-89-34—ഫുഡ് അഡ്വൈസറി കമ്മിറ്റി—മറ്റ് ചെലവുകൾ

റേഷൻ സാധനങ്ങൾ പൊതുജനങ്ങൾക്ക് യഥാക്രമം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തു ന്നതിനും റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും, ഭക്ഷ്യോപദേശക വിജിലൻസ് സമിതിയുടെ സംസ്ഥാനതല സമിതി വർഷത്തിൽ 2 തവണയും

ജില്ല/താലൂക്കതല സമിതികൾ മാസത്തിലൊരിക്കലും, പഞ്ചായത്തുതല സമിതികൾ രണ്ട് മാസത്തിലൊരിക്കലുമാണ് യോഗം ചേരുന്നത്. പ്രസ്തുത ഭക്ഷ്യോപദേശക വിജിലൻസ് സമിതി യോഗങ്ങളുടെ നടത്തിപ്പുചെലവിന് ഈ സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ 2 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിജിലൻസ് സമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല എന്ന വിവരം സമിതിയെ അറിയിക്കുന്നു.

[ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പിന്റെ 24-5-2019-ലെ 34625791/ബി3/19/ ഭ.സി.സ.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 34

3456-00-104-99—കേരള ഉപഭോക്തൃ ക്ഷേമനിധിയിൽ നിന്നുള്ള ഉപഭോക്തൃക്ഷേമ പരിപാടികൾക്കുള്ള ചെലവുകൾ

സ്കൂൾ/കോളേജ് ഫെസ്റ്റുകൾ, സ്കൂൾ ക്ലബ്ബുകൾ, ഉപഭോക്തൃ ബോധവത്കരണ പരിപാടികൾ, എക്സിബിഷനുകൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുന്നതിനും പത്ര മാധ്യമങ്ങളിൽ പരസ്യം നൽകുന്നതിനുമായി 2018-19 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന ശിപാർശ ഒന്നാം വട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും തുക അനുവദിച്ച് കിട്ടിയില്ല.

[ഉപഭോക്തൃകാര്യ വകുപ്പിന്റെ 17-12-2018-ലെ സി.എ 2/118/2018 ഉ.ക.വ. നമ്പർ കത്ത്]

ഖണ്ഡിക നമ്പർ 35

നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് 2013 (NFSA) നടപ്പാക്കുന്നതിലേക്കായി സഹായം

സംസ്ഥാനത്ത് നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് 2013 (NFSA) നടപ്പാക്കുന്നതിലേക്കായി 318 തസ്തികകൾ സപ്ലൈകോയിൽ സൃഷ്ടിക്കുവാനും, ആയതിൽ 42 തസ്തികകൾ ഭക്ഷ്യപൊതുവിതരണ വകുപ്പിൽ നിന്നുള്ള ഡെപ്യൂട്ടേഷൻവഴി നിയമിക്കാനും 27-1-2018-ലെ 05/2018/ഭ.പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ NFSA നടപ്പാക്കുന്നതിന് സൃഷ്ടിച്ച തസ്തികകളുടെ ശമ്പളമുൾപ്പെടെയുള്ള

എല്ലാ ചെലവുകളും വഹിക്കുന്നതിലേക്കായി ഒരു പുതിയ ശീർഷകം അനുവദിച്ച് 25,09,01,600 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

[ഭക്ഷ്യപൊതുവിതരണ (എ) വകുപ്പിന്റെ 17-5-2019-ലെ FCSD-A1/165/18 നമ്പർ കത്ത് ]

കടകംപള്ളി സുരേന്ദ്രൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം,
2019 ജൂൺ 24.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.